(സി) ഭവന നിർമ്മാണ പദ്ധതി, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും കൃഷിഭൂമി വാങ്ങുന്നതിനും ഓട്ടോറിക്ഷ വാങ്ങുന്നതിനും വിദേശത്ത് ജോലി സമ്പാദിക്കുന്നതിനും വായ്പ നൽകുന്ന പദ്ധതികൾ എന്നിവ നടപ്പാക്കുകയാണ് ഈ കോർപ്പറേഷന്റെ പ്രധാന പ്രവർത്തനം.

(ഡി) ഉണ്ട്.

(ഇ) രേഖാഘടനയിലെ വ്യവസ്ഥകൾ അനുസരിച്ച് പട്ടികജാതിക്കാർ ഹിന്ദുമത വിശ്വാസികളോ സിക്കുമത വിശ്വാസികളോ ആയിരിക്കണം എന്നതുകൊണ്ട് ഈ ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ല.

മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ

* 407. [435] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പ് മന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കി ;

(സി) ഇതിന്റെ ഫലമായി എത്ര മൽസ്യത്തൊഴിലാളികൾക്ക് ഗുണം കിട്ടി ;

(ഡി) അവരുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻവഴി പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ബി) പുതിയ പദ്ധതികളൊന്നും മൽസ്യത്തൊഴിലാളി ക്ഷേമകോർപ്പറേഷൻ വഴി നടപ്പിലാക്കിയിട്ടില്ല. എന്നാൽ നിലവിലുണ്ടായിരുന്ന ചില പദ്ധതികൾ തുടർന്നും നടപ്പിലാക്കുന്നുണ്ട്.

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനുമുൻപ് നിലവിലുണ്ടായിരുന്ന പദ്ധതികൾ അനുസരിച്ച് ഏകദേശം 23,000 മൽസ്യത്തൊഴിലാളികൾക്ക് ഗുണം കിട്ടിയിട്ടുണ്ട്.

(ഡി)

തിരുവനന്തപുരം	...	2475
കൊല്ലം	...	2047
ആലപ്പുഴ	...	5193
കോട്ടയം	..	106
എറണാകുളം	..	2325
പാലക്കാട്	...	42
തൃശ്ശൂർ	..	1818
മലപ്പുറം	..	2121
കോഴിക്കോട്	..	5150
കണ്ണൂർ	..	1723

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ്

* 408. [436] ശ്രീ. കെ. എം. ഹംസക്കുഞ്ഞ് :
,, പി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly